*01-07-2026*
*Adjournment motion*

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധി

മി. സ്പീക്കർ: 2026-27-ലെ ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതും സ്പിൽ ഓവർ അനുവദിക്കാത്തതുംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്തംഭനാവസ്ഥയിലെത്തിയ അടിയന്തര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ ജി. ആർ. അനിൽ, കെ. എൻ. ബാലഗോപാൽ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബജറ്റുമായി ബന്ധപ്പെട്ട് മൂന്ന് ദിവസത്തെ ജനറൽ ഡിസ്കഷനും ഡിമാന്റുമായി ബന്ധപ്പെട്ട് രണ്ട് ദിവസത്തെ ഡിസ്കഷനും കഴിഞ്ഞിരിക്കുകയാണ്. ഇന്ന് അപ്രോപ്രിയേഷൻ ബിൽകൂടി അവതരിപ്പിക്കാനുള്ളതാണ്. എല്ലാ അവസരങ്ങളിലും ആവർത്തിച്ചുപറഞ്ഞ ഒരു കാര്യം വീണ്ടും റൂൾ 50 ആയി കൊണ്ടുവരികയും ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകുകയും ചെയ്യുമ്പോൾ ഞാൻ ഒന്നും പറയുന്നില്ല. മറുപടി പറയുന്നതിൽ ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ ഇത് ശരിയാണോയെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അംഗങ്ങളും ആലോചിക്കേണ്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിൽനിന്നും വിവരം അറിയിച്ചപ്പോൾ ഞങ്ങൾ മറുപടി നൽകാൻ തയ്യാറാവുകയാണ് ചെയ്തത്. ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടെന്ന കാര്യം എത്രയോ പ്രാവശ്യം സഭയിൽ പറഞ്ഞിട്ടുണ്ട്. നിങ്ങൾ അവതരിപ്പിച്ച ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തിയിരുന്നത് 10,189 കോടി രൂപയാണ്. പുതുക്കിയ ബജറ്റിൽ ഇത് 8655.45 കോടി രൂപയാണ്, 1533.55 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. നിങ്ങളുടെ ബജറ്റിൽ 35000 കോടി രൂപയുടെ പ്ലാൻ ആയിരുന്നുവെന്നതാണ് അതിന്റെ കാരണം. ആ പ്ലാനിലെ 20500 കോടി രൂപ ലഭിക്കില്ലെന്ന് നമുക്ക് ഉറപ്പായി. അങ്ങനെ വരുമ്പോൾ ഇല്ലാത്ത പദ്ധതിവച്ച് തുക വകയിരുത്താൻ സാധിക്കുമോ? എന്നിട്ടും ഞങ്ങൾ മറ്റ് പല പോംവഴികൾ കണ്ടെത്തി 5000 കോടി രൂപ മാത്രമാണ് പ്ലാൻ ഫണ്ടിൽനിന്നും കുറച്ചത്. 30300-ലധികം കോടി രൂപയുടെ പ്ലാനാണുണ്ടായിരുന്നത്, അതിന്റെ ആനുപാതികമായ കുറവ് എല്ലാ വകുപ്പുകളിലും

ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിലും ആനുപാതികമായി 1533.55 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗം, ഫിഷറീസ് എന്നീ വകുപ്പുകളിൽ മാത്രമാണ് കുറവ് സംഭവിക്കാത്തത്. പുതുക്കിയ ബജറ്റിൽ അഡീഷണൽ അനൗൺസ്മെന്റിലൂടെ തുക വകയിരുത്തിയതുകൊണ്ടാണ് ഈ രണ്ട് വകുപ്പുകളുടെ വിഹിതത്തിൽ കുറവുണ്ടാകാതിരുന്നത്. 35000 കോടി രൂപയുടെ പ്ലാൻ ഉണ്ടായിരുന്നെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് എത്ര തുക കിട്ടുമായിരുന്നോ അത്രയും തുക വകയിരുത്തിയിട്ടുണ്ട്, കാരണം അവരുടെ ഫണ്ട് കുറയ്ക്കാൻ പാടില്ല. ഫിഷറീസ് മേഖലയിലും അതേ രീതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിന്റെ 28.5 ശതമാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തുന്നത്. അവിടെ 1533.55 കോടി രൂപയുടെ കുറവുണ്ടായി എന്ന കാര്യം സഭയിൽ പലപ്രാവശ്യം വ്യക്തമാക്കിയതാണ്.

<u>മി. സ്പീക്കർ</u>: ഈ വിഷയം മുമ്പ് ചർച്ച ചെയ്തതാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം നിഷ്കരുണം തള്ളിക്കളയുന്ന സ്ഥിതി ഉണ്ടാകേണ്ടെന്ന് കരുതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ആവർത്തിച്ച് പറഞ്ഞുവെങ്കിലും ഈ വിഷയം വീണ്ടും സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ തയ്യാറായതിന്റെ പ്രധാന കാരണം കേരളത്തിലെ തദ്ദേശസ്വയംഭരണങ്ങളുടെ അവസ്ഥ അത്രയും ഗുരുതരമായതിനാലാണ്. നിങ്ങൾക്ക് ഭൂരിപക്ഷമുള്ള ധാരാളം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമുണ്ടല്ലോ, അവിടത്തെ അംഗങ്ങളെല്ലാം വല്ലാത്ത പ്രതിസന്ധിയിലാണ്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെതന്നെ ജില്ലയിലെ മുനിസിപ്പാലിറ്റിയുടെ കണക്കുകൾ പരിശോധിക്കുമ്പോൾ അവസ്ഥ മനസ്സിലാക്കാൻ സാധിക്കും. അതുപോലെ കേരളത്തിന്റെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ പറവൂർ മുനിസിപ്പാലിറ്റിയുടെ കണക്ക് പരിശോധിക്കുമ്പോഴും നിലവിലെ അവസ്ഥ അറിയാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിന്റെ അവസ്ഥ എനിക്ക് നേരിട്ടറിയാം. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. മാത്രമല്ല, 5,000 കോടി രൂപയുടെ കുറവുണ്ടായതിന്റെ ആനുപാതികമായ കുറവാണ് വന്നിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിതന്നെ പറയുകയുണ്ടായി. ഏതുരീതിയിലുള്ള ആനുപാതികമായ കുറവുണ്ടായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ കുറവ് വരാതിരിക്കാനാണ് എപ്പോഴും ശ്രദ്ധിച്ചിട്ടുള്ളത്. കേരളത്തിലെ കഴിഞ്ഞ ഗവൺമെന്റിന്റെ പത്ത് വർഷത്തെ കണക്ക് പരിശോധിച്ചാൽ gradual ആയി... (ബഹളം)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം വിഷയം അവതരിപ്പിക്കട്ടെ.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൂന്നാം ഗഡു കൊടുക്കാനുണ്ടെന്നുള്ളത് നിങ്ങൾക്കും ഞങ്ങൾക്കും അറിയാവുന്ന കാര്യമാണ്. അത് നൽകാൻ കഴിയാതെ വന്നതിന്റെ കാരണം, മാർച്ച് മാസമാണ് ഫണ്ട് അലോട്ട് ചെയ്യുന്നത്. തിരഞ്ഞെടുപ്പ് പ്രഖ്യാപനവും തുടർന്ന് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവും വന്നതിനാലാണ് മൂന്നാം ഗഡു കൊടുക്കാൻ കഴിയാതിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതിൽനിന്നും ഒഴിവാക്കണമെന്ന് ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തതാണ്. ഇത് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തേണ്ടിയിരുന്നതാണ്, എന്നാൽ അത് ചെയ്തില്ല. ഞാൻ വിഷയത്തിലേക്ക് കടക്കാം.

ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിലൂടെ ലോകത്തിന്റെതന്നെ ശ്രദ്ധയിൽ വന്ന കേരള മാതൃക പൂർണ്ണമായും അട്ടിമറിക്കുന്ന ഒരു സ്ഥിതിയാണ് വന്നിരിക്കുന്നത്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അർഹതപ്പെട്ട പ്ലാൻ ഫണ്ട് വൻതോതിലാണ് ഈ സർക്കാർ വെട്ടിക്കുറച്ചിരിക്കുന്നത്. പദ്ധതി വിഹിതം കുറച്ചതിനാൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതീവഗുരുതര പ്രതിസന്ധി നേരിടുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്തവിധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്വാസം മുട്ടിച്ചുകൊല്ലുന്ന ഒരു സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. സ്പിൽ ഓവർ കുടിശ്ശിക തീർക്കാൻപോലും പണമില്ലാതെ നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വലയുകയാണ്. ഗ്രാമങ്ങളിലെ പാവപ്പെട്ടവരുടെ കുടിവെള്ള പദ്ധതികൾ നിലച്ചു, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല, ലൈഫ് ഭവന പദ്ധതിപ്രകാരമുള്ള വീടുകളുടെ നിർമ്മാണം പാതിവഴിയിൽ

മുടങ്ങിക്കിടക്കുന്നു, ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം അവതാളത്തിലായി, പാലിയേറ്റീവ് പ്രവർത്തനം നിശ്ചലമാകുന്ന സ്ഥിതിയാണ്. ബജറ്റിൽ നേരിട്ടുള്ള ഗ്രാന്റുകൾ പരിമിതപ്പെടുത്തിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് സ്വന്തംനിലയ്ക്ക് ഫണ്ട് കണ്ടെത്താനാണ് ബജറ്റിലൂടെ പറഞ്ഞത്. (ബഹളം...) അത് നിങ്ങൾ അറിയുന്നില്ലേ?

മി. സ്പീക്കർ: വാക്കുതർക്കത്തിലേയ്ക്ക് പോകേണ്ട, ബഹുമാനപ്പെട്ട അംഗം ഉപക്ഷേപം അവതരിപ്പിച്ചോളൂ.

ശ്രീ. ജി. ആർ. അനിൽ: സർ, പഞ്ചായത്തുകളോട് വായ്പയെടുക്കാനും പൊതു-സ്വകാര്യ പങ്കാളിത്ത മേഖലകൾ കണ്ടെത്താനും വികസന ആവശ്യങ്ങൾക്കായി സ്ഥാപനാപരമായ വായ്പകളെടുക്കാനുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ബജറ്റ് നിർദേശിക്കുന്നത്. പദ്ധതി വിഹിതം കുറയുമ്പോൾ സ്വാഭാവികമായും പട്ടികജാതി, പട്ടികവർഗ ഉപപദ്ധതികൾക്കുള്ള തുകയും കുറയുമെന്ന ആശങ്ക ഞങ്ങൾ ഇവിടെ പ്രകടിപ്പിച്ചതാണ്. അതിനായി പ്രത്യേക തുക വകയിരുത്തുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ പറഞ്ഞത്. എന്നാൽ ധനവിനിയോഗ ബില്ലിൽ ഇത് കണ്ടതേയില്ല. പട്ടിക വിഭാഗങ്ങളോടുള്ള കടുത്ത അവഗണനയായേ ഇതിനെ കാണാൻ സാധിക്കൂ. എന്നാൽ, എൽ.ഡി.എഫ്. സർക്കാരിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ക്രമമായി ഉയർന്നുകൊണ്ടിരുന്നതായി കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ നിങ്ങൾക്ക് കാണാൻ സാധിക്കും. കോവിഡിന്റെ കാലമൊഴികെയുള്ള എല്ലാ വർഷവും അത് വർധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സമീപനമാണ് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. 2022-23-ലെ കണക്കുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് 8048 കോടി രൂപയായിരുന്നത് 2024-25-ലെ കണക്കുകൾ പ്രകാരം 8352 കോടി രൂപയായി വർധിച്ചു. തുടർന്ന്, 2025-26-ലെ പുതുക്കിയ കണക്കിൽ ഇത് 9100 കോടി രൂപയായി ഉയരുന്ന സ്ഥിതിയാണുണ്ടായത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള ഈ അനുകൂല സമീപനം എൽ.ഡി.എഫ്. സർക്കാർതന്നെ തയ്യാറാക്കിയ 2026-27 വർഷത്തേക്കുള്ള ബജറ്റിലും തുടർന്നു. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി 10189 കോടി രൂപയാണ്

നിശ്ചയിച്ചിരുന്നത്. എന്നാൽ പുതിയ സർക്കാരിന്റെ വരവോടെ ഇതിൽ കുറവ് വന്നിരിക്കുകയാണ്. 2026-27-ലെ പുതുക്കിയ പ്ലാനിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 8655.45 കോടി രൂപയായി വെട്ടിക്കുറച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 1535.55 കോടി രൂപയുടെ കുറവാണ് വന്നിരിക്കുന്നത്. മാത്രമല്ല, 2025-26-ലെ പുതുക്കിയ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 38.2 ശതമാനത്തിന്റെ വലിയ രീതിയിലുള്ള ഇടിവാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച അവസാന ബജറ്റിൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ നിർദേശങ്ങൾക്ക് അനുഭാവപൂർവമായ നിലപാടാണ് സ്വീകരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉയർത്തുകയും പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് 11.6 ശതമാനമായി വർധിപ്പിക്കുകയും ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കാൻ ലോക്കൽ ഗവൺമെന്റ് ബോർഡ് ഓഫ് ഫിനാൻസ് സ്ഥാപിക്കുകയെന്ന സുപ്രധാന തീരുമാനവും കഴിഞ്ഞ ബജറ്റിൽ നിർദേശിച്ചിരുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ താരതമ്യേന പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ജില്ലാ പഞ്ചായത്ത് തലത്തിൽ പ്രത്യേക വികസനഫണ്ട് അനുവദിക്കുന്നതിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർധിപ്പിക്കാനുള്ള തീരുമാനവും കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നു. ഇത് വളരെ ഗൗരവതരമായ വിഷയമാണ്, കേരളത്തിലെ എം.എൽ.എ.-മാരോടും എം.പി.-മാരോടും അവർ നിരന്തരമായി പറയുന്ന ഒരു വിഷയമാണിത്. ഈ വിഷയത്തെ സംബന്ധിച്ച് പുതുക്കിയ ബജറ്റിലും പരാമർശിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള അവഗണനയുടെ ഉദാഹരണമാണ് ഇത്. എന്നാൽ വികേന്ദ്രീകരണത്തിന് വലിയ ഊന്നൽ നൽകിയ കഴിഞ്ഞ ബജറ്റുകളിൽനിന്നും തികച്ചും പിന്നിലേക്കുപോകുന്ന സമീപനമാണ് ഇപ്പോൾ യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ പ്ലാൻ വിഹിതമായി കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നത് 9.32 കോടി രൂപയായിരുന്നു. എന്നാൽ പുതുക്കിയ

ബജറ്റിൽ 2.3 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ജില്ലയിലെ പെരിന്തൽമണ്ണയിൽ പ്ലാൻ വിഹിതം 5.6 കോടി രൂപയായിരുന്നത് 1.9 കോടി ആയി കുറച്ചു. പൊന്നാനി നഗരസഭയിൽ 9.8 കോടി രൂപ 3.3 കോടി രൂപയായും മഞ്ചേരിയിൽ 10.3 കോടി രൂപ 3.4 കോടി രൂപയായും തിരൂരിൽ 5.1 കോടി രൂപയായിരുന്നത് 2.1 കോടി രൂപയായും മലപ്പുറത്ത് 11.7 കോടി രൂപയായിരുന്നത് 2.5 കോടി രൂപയായും താനൂരിൽ 9.4 കോടി രൂപയായിരുന്നത് 2.6 കോടി രൂപയായും പരപ്പനങ്ങാടിയിൽ 9.8 കോടി രൂപയായിരുന്നത് 2.7 കോടി രൂപയായും പ്ലാൻ വിഹിതം കുറച്ചു. ഇത്തരത്തിൽ ഓരോ മുനിസിപ്പാലിറ്റിയുടെയും തുക കുറഞ്ഞത് അവിടങ്ങളിലെ പദ്ധതികളെ ബാധിക്കുന്ന സ്ഥിതിയാണെന്ന് ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ; പല മുനിസിപ്പാലിറ്റിയിലും പഞ്ചായത്തുകളിലും ഗ്രാമസഭ കൂടി പദ്ധതി അംഗീകരിച്ചതിനുശേഷം എങ്ങനെയാണ് ജനപ്രതിനിധികൾക്ക് അവിടത്തെ ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയുന്നത്; പ്ലാൻ ഉൾപ്പെടെ വാർഡ് സഭകളിൽ അംഗീകരിച്ചുപോയതിനുശേഷം ഫണ്ടില്ലെന്ന് പറഞ്ഞാൽ ജനപ്രതിനിധികൾക്ക് പുറത്തിറങ്ങാൻ സാധിക്കുമോ; ഇത് വളരെ ഗുരുതരമായ ഒരു സാഹചര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈകാലുകൾ സർക്കാർ കെട്ടിയിട്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാചാലനാകുമ്പോൾ ഭരണപക്ഷത്തെ 102 അംഗങ്ങളുള്ളതിനാൽ നല്ല കൈയ്യടി കിട്ടും. പക്ഷേ നമ്മുടെ പഞ്ചായത്തുകളിലെ മെമ്പർമാരുടെ സ്ഥിതിയെന്താണ്; അവരുടെ കൈയ്യും കാലും കെട്ടിയിട്ടിരിക്കുകയാണ്. കൈയ്യും കാലുമിട്ട് അടിക്കുകയാണവർ. അവർ വല്ലാത്തൊരു സ്ഥിതിയിലാണ് ഇപ്പോൾ. അവിടെയാണ് ഈ വിഷയം ചർച്ച ചെയ്യേണ്ടതിന്റെ പ്രസക്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി വരിഞ്ഞുമുറുക്കിയിരിക്കുകയാണ്. അവരുടെ ദൈനംദിന പ്രവർത്തനങ്ങൾപോലും നിലയ്ക്കുന്ന അവസ്ഥയായിട്ടുണ്ട്. ലോകം ചർച്ച ചെയ്ത പ്രാദേശിക വികസനത്തിൽ കേരള മോഡലിന്റെ കടയ്ക്കൽ കത്തിവയ്ക്കുകയാണ് യു.ഡി.എഫ്. സർക്കാർ. പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതും സ്പിൽ

ഓവർ അനുവദിക്കാത്തതുംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ധനകാര്യ കമ്മീഷന്റെ കാര്യം ഇവിടെ പറഞ്ഞു. വികസന ഫണ്ടിൽ വരുത്തിയ കുറവിന് പകരമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വർധിപ്പിച്ചിട്ടുണ്ട്. എങ്കിലും ആയത് പ്രശ്നപരിഹാരത്തിന് ഉതകുന്നതല്ല. വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പല പദ്ധതികൾക്കും ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ഉപയോഗിക്കാൻ കഴിയില്ല. ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ടൈഡ് ഫണ്ട്, അൺടൈഡ് ഫണ്ട് എന്നിങ്ങനെ രണ്ട് കമ്പോണന്റ്സ് ആയിട്ടാണ് നൽകുന്നത്. ഇതിൽ ടൈഡ് ഫണ്ടുപയോഗിച്ച് കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ പദ്ധതി മാത്രമേ നടപ്പാക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ ഇത് വികസന ഫണ്ടിന് പകരമാകില്ല. ഇത്തരത്തിൽ വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് വിനിയോഗിക്കേണ്ടിവരും. ഇതുകാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്ത അവസ്ഥയുണ്ടാകും. നിലവിൽ ഒട്ടേറെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സർക്കാർ നൽകുന്ന ഗ്യാപ് ഫണ്ട് ഉപയോഗിച്ചാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. അതുകൊണ്ട് ഈ സ്തംഭനാവസ്ഥ ഒഴിവാക്കാനായി ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ഈ ബജറ്റിന് എതിരെയോ ഈ സർക്കാരിന് എതിരെയോ അല്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞ സർക്കാരിന് എതിരെയും കഴിഞ്ഞ ബജറ്റിന് എതിരായിട്ടുമാണ്. കാരണം ഈ ബജറ്റിൽ 1,533 കോടി രൂപ കുറച്ചു. 2025-26-ലെ ബജറ്റിൽ അന്നത്തെ സർക്കാർ വകയിരുത്തിയിരുന്ന തുകയുടെ എത്രയാണ് കുറച്ചത്; തദ്ദേശസ്ഥാപനങ്ങൾക്കുള്ള മൂന്നാം ഗഡു കൊടുത്തിട്ടില്ല. എത്രയാണ് മൂന്നാം ഗഡു; 2,150 കോടി രൂപ കൊടുക്കാതെ പോയവരാണ് നിങ്ങൾ. മൂന്നാം ഗഡുവായ 2,150 കോടി രൂപ കൊടുക്കാതെ ഭരണം വിട്ടുപോയ ആളുകൾ 1,533 കോടി രൂപ പ്ലാൻ ഫണ്ടിൽ കുറച്ചതിനെ ചോദ്യം ചെയ്യുകയാണ്. എന്തൊരു തമാശയാണിത്! തിരഞ്ഞെടുപ്പ് ആയതുകൊണ്ട് മൂന്നാം ഗഡു കൊടുക്കാൻ കഴിഞ്ഞില്ലെന്നാണ് നിങ്ങൾ അതിന് മറുപടി

പറഞ്ഞത്. തിരഞ്ഞെടുപ്പ് വന്നത് എപ്പോഴാണെന്ന് എല്ലാവർക്കും അറിയാം, മാത്രമല്ല മൂന്നാം ഗഡു കൊടുക്കേണ്ടത് മാർച്ച് മാസം ആണോ; മൂന്നാം ഗഡു കൊടുക്കേണ്ടത് ഡിസംബറിൽ ആയിരുന്നു. ഡിസംബർ മാസത്തിൽ കൊടുക്കേണ്ട മൂന്നാം ഗഡു ഡിസംബർ മാസം മുതൽ മാർച്ച് 16-ന് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതുവരെയും കൊടുത്തില്ല. മൂന്നാം ഗഡുവായ 2,150 കോടി രൂപ കൊടുക്കാതെ, ഏറ്റെടുത്ത വർക്കുകൾക്കെല്ലാം പണം കൊടുക്കാനാകാതെ വിഷമിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് സംസാരിക്കുന്നതിന് പകരം നിവൃത്തികേടുകൊണ്ട് നിങ്ങളുടെ ബജറ്റിലെയും പ്ലാനിലെയും പാളിച്ചകൾ കൊണ്ട് ഞങ്ങൾക്ക് 1,533 കോടി രൂപ കുറയ്ക്കേണ്ടിവന്നതിനെയാണ് നിങ്ങൾ വിമർശിക്കുന്നത്. സ്പിൽ ഓവർ അനുവദിച്ചില്ല എന്നതാണ് മറ്റൊരു വിഷയം. ഇക്കഴിഞ്ഞ അതായത് 2026-27-ലെ ബജറ്റിൽ സ്പിൽ ഓവർ കൊടുക്കാൻ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലല്ലോ; പ്ലാൻ ഫണ്ടിൽ 10,189 കോടി രൂപയേ ഉള്ളൂ. അതിൽ 2,000 കോടി രൂപകൂടി കുറച്ചാൽ കഴിഞ്ഞ പ്ലാൻ 8,000 കോടി രൂപയെ വരികയുയുള്ളൂ. എന്നാൽ ഈ ബജറ്റിൽ പ്ലാൻ ഇനത്തിൽ 8,655 കോടി രൂപ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ബജറ്റിലേതിനെക്കാൾ കൂടുതൽ തുക അതായത്, 8,655 കോടി രൂപ ഇപ്പോൾ കൊടുത്തിട്ടുണ്ട്. ഇനി ഈ സർക്കാർ വന്നില്ലെന്ന് സങ്കൽപ്പിക്കുക. കുറച്ചുനേരത്തേയ്ക്ക് ഒരു സന്തോഷം കിട്ടുമല്ലോ. കഴിഞ്ഞ സർക്കാരിന്റെ ബജറ്റ് തുടരുകയാണെന്ന് കരുതുക. തീർച്ചയായും ഈ വർഷം ഒരു പുതിയ ബജറ്റ് ഉണ്ടാകില്ല. ആ ബജറ്റ് നടപ്പാക്കിയിരുന്നെങ്കിൽ അതായത് 10,189 കോടി രൂപ ലോക്കൽ ബോഡിക്ക് അനുവദിച്ച പ്ലാൻ ഈ വർഷം നടപ്പാക്കിയിരുന്നെങ്കിൽ 35,000 കോടി രൂപയുടെ ആ പ്ലാൻ നടപ്പാക്കിവരുമ്പോൾ 20,000 കോടി രൂപ ഇല്ല. ആ പ്ലാനാണ് നടപ്പാക്കിയതെങ്കിൽ 57% തുക അഥവാ 5,750 കോടി രൂപ കുറയ്ക്കേണ്ടിവരുമായിരുന്നു. ഇവർ നീക്കിവച്ച 10,000 കോടി രൂപയുടെ 5,750 കോടി രൂപയുടെ പ്ലാൻ കട്ട് നടപ്പാക്കേണ്ട ഗതികേട് ആ സർക്കാരിന് ഉണ്ടാകുമായിരുന്നു.

ഞങ്ങൾ പൊതുസമൂഹത്തോടും നിയമസഭയോടും മറ്റെല്ലാവരോടും കാര്യം ബോധ്യപ്പെടുത്തിയാണ് 1,533 കോടി രൂപ കുറച്ചത്. ഒരു വിരൽ ഇങ്ങോട്ട് ചൂണ്ടുമ്പോൾ ബാക്കി നാലു വിരലുകളും നെഞ്ചിനത്തേയ്ക്കാണ് കയറിപ്പോകുന്നത്. പട്ടികവർഗക്കാരുടെ

പ്രശ്നം ഇവിടെ പറഞ്ഞു. ഈ ഉപക്ഷേപം അവതരിപ്പിച്ച അംഗം മന്ത്രിയായിരുന്ന മന്ത്രിസഭയിൽ എസ്.സി.-യുടെ പ്ലാൻ കട്ട് ഏർപ്പെടുത്തിയത് 500 കോടി രൂപയും എസ്.ടി.-യുടേത് 112 കോടി രൂപയുമാണ്. ഇത് യാഥാർഥ്യബോധത്തോടുകൂടിയുള്ള ബജറ്റ് ആണ്. നമ്മുടെ കൈയ്യിൽ അത്രയെ പണം ഉള്ളൂ. ഇനി മറ്റൊരു വിഷയം, പതിനാറാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം റൂറൽ ലോക്കൽ ബോഡികൾക്കുള്ള ഗ്രാന്റ് കുറവാണ്. അർബൻ ലോക്കൽ ബോഡികൾക്കുള്ള ഗ്രാന്റ് കൂടുതലായിട്ടാണ് വച്ചിരിക്കുന്നത്. അതായത് അവർ റൂറൽ ലോക്കൽ ബോഡിക്ക് 405 കോടി രൂപയും അർബൻ ലോക്കൽ ബോഡിക്ക് 2,145 കോടി രൂപയുമാണ് ഈ വർഷം വകയിരുത്തിയിട്ടുള്ളത്. കേരളത്തിലെ 83 ശതമാനം പ്രദേശവും അർബൻ ഏരിയ ആണെന്നുള്ള ഒരു തെറ്റായ കണക്കാണ് പതിനാറാം ധനകാര്യ കമ്മീഷൻ വച്ചിരിക്കുന്നത്. അതനുസരിച്ച് റൂറൽ ലോക്കൽ ബോഡി അതായത് പഞ്ചായത്തുകൾക്ക് 405 കോടി രൂപ മാത്രമേ നൽകാൻ കഴിയുകയുള്ളൂ. 2,145 കോടി രൂപ അർബൻ ലോക്കൽ ബോഡിക്ക് കൊടുക്കണം. ഇത് ഇംബാലൻസ്ഡ് ആകും. പ്രാദേശിക സർക്കാരുകൾക്കുള്ള സാധാരണ വിഹിതത്തിൽനിന്ന് 300 കോടി രൂപ മാത്രം മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ജനസംഖ്യാടിസ്ഥാനത്തിൽ വിഹിതം വയ്ക്കുകയും ബാക്കി തുക മുഴുവനായി 70:15:15 എന്ന അനുപാതത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും വകയിരുത്തിയിട്ടുണ്ട്. തുകയുടെ കാര്യത്തിലല്ല പ്രശ്നം. ധനകാര്യ കമ്മീഷന്റെ തുക ടൈഡ് ഫണ്ട് ആണ്. നമ്മൾ കൊടുക്കുന്നത് പ്ലാനിൽ അൺടൈഡ് ആണ്. മുനിസിപ്പാലിറ്റികളുടെ പരാതി അങ്ങ് പറഞ്ഞതുപോലെ പണം കുറവാണ് എന്നതല്ല; അവർക്ക് ടൈഡ് ഫണ്ട് കൂടുതലായതിനാൽ പ്രായോഗികമായ ചില പ്രയാസങ്ങളുണ്ടാകും. അത് കേന്ദ്രവുമായി സംസാരിച്ച് പരിഹരിക്കാനുള്ള ശ്രമം ഉണ്ടാകും. ചെലവാക്കാനായി സ്റ്റേറ്റ് പ്ലാനിൽനിന്നും ധനകാര്യ കമ്മീഷന്റെയും പണം ലഭ്യമായിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മീഷന്റെ പണം ടൈഡ് ആണ്. അത് പരിഹരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. അതല്ലാതെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു കാര്യത്തിനും പ്രസക്തിയില്ല. അതുകൊണ്ട് ഈ

ഉപക്ഷേപം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്റെ അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും തെറ്റിദ്ധരിപ്പിക്കുന്ന വിശദീകരണവുമായാണ് വന്നിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്പിൽ ഓവറിനെക്കുറിച്ച് പറഞ്ഞ കാര്യമാണ്. എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച കഴിഞ്ഞ ബജറ്റിൽ സ്പിൽ ഓവർ നൽകുന്നതിനുവേണ്ടി തുക വകയിരുത്തിയിരുന്നോ എന്നാണ് അദ്ദേഹം ചോദിച്ചത്. അദ്ദേഹത്തിന് നടപടിക്രമങ്ങൾ അറിയാത്തതുകൊണ്ടല്ല, ഇതിനെക്കുറിച്ച് നല്ല നിശ്ചയമുള്ള ആളാണ്. പക്ഷെ, ബോധപൂർവം തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സ്പിൽ ഓവറിന്റെ ഭാഗമായി തുക അനുവദിക്കുന്നതിന് പ്രത്യേകമായ വകയിരുത്തൽ ആവശ്യമില്ല. തുക അനുവദിച്ചതിനുശേഷം അധിക ഫണ്ട് വകയിരുത്തുന്ന രീതിയാണ് എല്ലാ കാലത്തും സ്വീകരിച്ചിട്ടുള്ളത്. എന്തിനാണ് ആ രീതിയിൽ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടത്തിയതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അത് അദ്ദേഹത്തിന്റെയൊരു രീതിയായി മാറുകയാണോയെന്നും സംശയിക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡു നൽകാൻ കഴിയാതിരുന്നത് തീർത്തും വ്യക്തതയുള്ള കാര്യമാണ്. മാർച്ച് മാസത്തിലാണ് മൂന്നാം ഗഡു നൽകാൻ ഉദ്ദേശിച്ചിരുന്നത്. സർക്കാരിന്റെ പ്ലാൻ ഗ്രാന്റ് മൂന്ന് ഗഡുക്കളായി നൽകുന്നതിനാണ് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടമാണ് മൂന്നാമത്തെ ഗഡു അനുവദിച്ചുനൽകുന്നതിന് തടസ്സമായി വന്നത്. തിരഞ്ഞെടുപ്പ് കമ്മീഷണറോട് അനുമതി ചോദിച്ചെങ്കിലും മൂന്നാം ഗഡു നൽകുന്നതിന് അനുമതി ലഭിച്ചില്ല. അതുകൊണ്ടാണ് അനുവദിക്കാൻ കഴിയാതിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡു അനുവദിക്കുന്നതിന് നിലവിൽ പ്രയാസമുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷാവസാനത്തിൽ ആറായിരം കോടിയോളം

രൂപ നീക്കിയിരിപ്പുണ്ട്. സ്വഭാവികമായും അതിൽനിന്ന് സ്പിൽ ഓവറായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡു നൽകാവുന്നതാണ്. ഇതുവരെ അത് നൽകാൻ തയ്യാറായില്ല. അതിന്റെ നടപടിയാണല്ലോ സർക്കാർ സ്വീകരിക്കേണ്ടത്. 2022-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലുണ്ടാകും, അത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെങ്കിൽ പരിശോധിക്കേണ്ടതാണ്. 19-04-2022-ലെ G.O. (MS) No. 84/2022/LSGD പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നീക്കിവയ്ക്കുന്ന ഫണ്ട് സാങ്കേതിക കാരണങ്ങളാൽ നഷ്ടപ്പെടരുതെന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്. അത് ഇപ്പോഴും പ്രാബല്യത്തിലുള്ള കാര്യമാണ്. ഈ തുക സ്പിൽ ഓവറായി അനുവദിച്ചാൽ, ഇപ്പോൾ പണമില്ലാതെ ശ്വാസംമുട്ടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരെ ചൊവ്വേ ശ്വാസം വിടാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. ഇപ്പോഴും അതിനുള്ള നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പറയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗത്തിന് വലിയ പ്രയാസം നേരിട്ടിരുന്നുവെന്നത് അറിയാത്ത ആളല്ല മുഖ്യമന്ത്രി. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, 2026 ജനുവരി മാസത്തിൽ എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 10,189 കോടി രൂപയാണ് പ്ലാനിൽ വകയിരുത്തിയിരുന്നത്. അതാണ് പുതുക്കിയ ബജറ്റിൽ 8,655.45 കോടി രൂപയായി വെട്ടിക്കുറച്ചത്. പ്ലാൻ വിഹിതത്തിൽ 1533 കോടി രൂപയുടെ കുറവ് വന്നിരിക്കുന്നുയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നിവിടെ വ്യക്തമാക്കിയത്. അദ്ദേഹം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന്റെ പ്രശ്നം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിരിക്കട്ടെ!ഇപ്പോൾ പൊതുവിഭാഗങ്ങൾക്കുള്ള പ്ലാനിൽ 1,261.40 കോടി രൂപ കുറവ് വന്നിട്ടുണ്ട്. ആ കുറവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വല്ലാതെ ബാധിക്കുന്നതാണ്. 2011-16, 2016-21, 2021-26 എന്നീ കാലയളവുകളിലെ ബജറ്റ് വിഹിതം പരിശോധിച്ചുനോക്കുന്നത് നല്ലതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എൽ.ഡി.എഫ്. സർക്കാർ എന്തോ വല്ലാതെ കുറവ് വരുത്തിയെന്നൊരു ധ്വനിയിൽ അദ്ദേഹം നേരത്തെ സംസാരിച്ചല്ലോ; 2011-16 കാലയളവിൽ യു.ഡി.എഫ്. സർക്കാരായിരുന്നു ഭരിച്ചിരുന്നത്. അക്കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തെ പ്ലാൻ സൈസ്

83,020 കോടി രൂപയായിരുന്നു. പക്ഷെ അന്ന് ചെലവാക്കിയത് 78,275 കോടി രൂപയാണ്. അതായത്, 94.28 ശതമാനം. 2016-21 കാലയളവിൽ 1,37,870 കോടി രൂപ വകയിരുത്തി. എന്നാൽ 1,41,074 കോടി രൂപ ചെലവാക്കി. അതായത്, 102.32 ശതമാനം. ഇതാണ് വ്യത്യാസം. ബജറ്റ് വിഹിതത്തേക്കാൾ 3,204 കോടി രൂപ അധികമായി ചെലവാക്കിയെന്നർഥം. കഴിഞ്ഞ അഞ്ച് വർഷക്കാലം അതായത് 2021-26-ൽ 1,51,220 കോടി രൂപയായിരുന്നതിൽ ചെലവായത് 2,04,00,911 (രണ്ട് കോടി നാല് ലക്ഷത്തി തൊള്ളായിരത്തി പതിനൊന്ന് കോടി രൂപയാണ്. അതായത്, 135.5 ശതമാനം. ഇതാണ് എൽ.ഡി.എഫ്. കാലഘട്ടം. വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവിടുകയായിരുന്നു. ഇത് എന്തുകൊണ്ടാണ് കഴിഞ്ഞത്; എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് സ്പിൽ ഓവറായി പിന്നീട് അനുവദിച്ചിരുന്നു. അത് പിടിച്ചുവച്ചിട്ടില്ല, കട്ട് ചെയ്തിട്ടില്ല; അത് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ കഴിഞ്ഞിരുന്നു. അപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോഴത്തെ അവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ മരവിപ്പാണ് അനുഭവിക്കേണ്ടി വരുന്നത്. റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കാത്തതിന്റെ കുറവും അതിന്റെ ഭാഗമായി പ്ലാൻ സൈസിൽവന്ന കുറവും അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2024-25, 2025-26, 2026-27 എന്നീ സാമ്പത്തിക വർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റ് ലഭിച്ചിരുന്നില്ല. ആ റവന്യൂ കമ്മി ഗ്രാന്റ് ലഭിച്ചില്ലെന്നുള്ളതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നമ്മൾ വെട്ടിക്കുറച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ 30,370 കോടി രൂപ, 2025-26-ൽ 32,500 കോടി രൂപ, 2026-27-ൽ 35,750 കോടി രൂപ എന്ന ക്രമത്തിലാണ് റവന്യൂ കമ്മി ഗ്രാന്റ് അനുവദിച്ചിരുന്നത്. റവന്യൂ കമ്മി ഗ്രാന്റിനെ പ്ലാൻ സൈസുമായി ബന്ധിപ്പിക്കേണ്ട കാര്യം വരുന്നില്ല. അതുമായി ബന്ധിപ്പിക്കാതെതന്നെ ഇത് നൽകേണ്ട കാര്യമാണ്. മാത്രമല്ല, ഒരു സൗകര്യം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പതിനാറാം ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് ചില്ലറ വരുമാനം, പതിനായിരം കോടി രൂപയോളം നമുക്ക് അധികം ലഭിക്കുന്ന നിലയുണ്ടല്ലോ; അതുംകൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് പണമില്ലാതെ പ്രവർത്തിക്കാൻ സാധിക്കുന്നില്ലെന്ന് വരുമ്പോൾ അതിന്റെ ഭാഗമായി മുൻഗണന അർഹിക്കുന്ന ഭിന്നശേഷിക്കാർ, വയോജനങ്ങൾ, പാലിയേറ്റീവ് രോഗികൾ, കിടപ്പുരോഗികൾ, അതിദരിദ്രർ, അഗതികൾ, വനിതകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് നൽകേണ്ട സേവനങ്ങളും അനുകൂല്യങ്ങളുമാണ് നൽകാൻ കഴിയാതെ വരുന്നത്. നമ്മുടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ പ്ലാനിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കഴിഞ്ഞ ബജറ്റിൽ വകയിരിത്തിയിരുന്ന തുകയ്ക്കനുസരിച്ച് വിവിധ പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. വാർഡ് സഭകൾ ചേർന്നുകൊണ്ടാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇത് ഇല്ലാതാകുമ്പോൾ പാലിയേറ്റീവ് കെയർ, ഡയാലിസിസിന് വിധേയരായവർക്കുള്ള സഹായം, കോക്ലിയർ ഇംപ്ലാന്റേഷൻ, കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ തുടർനടത്തിപ്പ്, വയോമിത്രം പദ്ധതി, ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ ഇവയെല്ലാം മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയാണ് വരുന്നത്. ഇത് അടിയന്തരമായി തിരുത്തേണ്ടതാണ്. അദ്ദേഹം തിരുത്തുമെന്നൊരു വാചകമേ കണ്ടില്ല. അതിന്റെ ഒരു സമീപനവും കണ്ടില്ല അതുകൊണ്ടാണ് പറയുന്നത്. 'നെഹ്റുവിയൻ നയം' നേരത്തെ ഉപേക്ഷിക്കുന്ന നില സ്വീകരിച്ചു, ഇപ്പോൾ ഗാന്ധിയെയും കൂടി ഉപേക്ഷിക്കുന്ന നിലയാണ് വരുന്നത്. മഹാത്മാ ഗാന്ധിയുടെ സങ്കൽപ്പമായിരുന്നു ഗ്രാമസ്വരാജ്. അതിന്റെ തുടർച്ചയായാണ് ഞങ്ങൾ പഞ്ചായത്തി രാജ് നടപ്പാക്കിയത്. അതാണ് രാജീവ് ഗാന്ധിയുടെ ഭരണകാലത്ത് നടന്നതെന്നാണ് നിങ്ങളെല്ലാവരും വലിയ തോതിൽ മേനി നടിച്ചിരുന്നത്. പക്ഷെ രാജീവ് ഗാന്ധിയെയും ഉൾപ്പെടെ ഇപ്പോൾ ഉപേക്ഷിക്കുന്ന നിലയാണ് വന്നിട്ടുള്ളത്. ഈ നിലപാട് നിർഭാഗ്യകരമാണ്. ഇത് തിരുത്തേണ്ടതാണ്, ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. സർക്കാരിന്റെ ഈ ജനദ്രോഹ നയത്തിലും അത് തിരുത്തുമെന്ന ഒരു സൂചന പോലും മുഖ്യമന്ത്രി നൽകാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

*01-07-2026*
*Adjournment motion*

ശ്രീ. കെ. രാജൻ: സർ, സഭയിൽ വളരെ ഗൗരവമായൊരു പ്രശ്നമാണ് നമ്മൾ സംവദിച്ചിട്ടുള്ളത്. ഭരണ-പ്രതിപക്ഷ വ്യത്യാസത്തിന്റെ തർക്കം മാത്രമല്ല, നേരത്തെ സഭയിൽ സൂചിപ്പിച്ചതുപോലെ ധനവിനിയോഗത്തിന്റെ സാധ്യതകൾ കുറഞ്ഞതനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വലിയ പ്രതിസന്ധി നേരിടുന്നൊരു സമയമാണ്. സ്പിൽ ഓവറിനെക്കുറിച്ച് പറഞ്ഞപ്പോൾ സൂചിപ്പിച്ചു, എൽ.ഡി.എഫ്. അവതരിപ്പിച്ച ബജറ്റാണെങ്കിലും യു.ഡി.എഫ്. അവതരിപ്പിച്ച ബജറ്റാണെങ്കിലും അത് ജനങ്ങളുടെ പണമാണ്, ജനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട സംഖ്യയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ള എല്ലാ അഭിമാന പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കിയിട്ടുള്ളത്. അതിദാരിദ്ര്യ മുക്ത കേരളം, ലൈഫ് മിഷൻ, മാലിന്യ സംസ്കരണം എന്നിവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള ഒരു നടപടിയാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. 'മാലിന്യ മുക്ത കേരളം' എന്ന ആശയം ലോകത്തിന് മുന്നിൽ ശ്രദ്ധിക്കപ്പെട്ടതാണ്. ബ്രസീൽ COP 30 ഉച്ചകോടിയിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ആഗോള മാതൃകയായി കേരളം തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര സർക്കാരിന്റെ ശുചിത്വ റാങ്കിങ്ങിൽ കേരളത്തിന് മികച്ച രീതിയിലുള്ള മുന്നോട്ടുപോക്കാണുണ്ടായത്. ഏറ്റവും ശുചിത്വമുള്ള നൂറ് നഗരങ്ങളിൽ എട്ടെണ്ണം കേരളത്തിലാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനപരമായ കാരണം, 38000-ലധികം പേരുള്ള 'ശുചിത്വ സൈന്യം' എന്നുവിളിക്കപ്പെടുന്ന ഹരിതകർമ്മ സേന മാത്രം ഒന്നര ലക്ഷം ടൺ മാലിന്യങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ മാറ്റിയതാണ്. ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ഇന്ന് സൂചിപ്പിച്ചപ്പോൾ, മാലിന്യ മുക്ത കേരളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേരളത്തിന്റെ ആരോഗ്യത്തെതന്നെ ബാധിക്കുന്ന വിധത്തിലാണെന്ന് നമ്മൾ ചർച്ച ചെയ്തിരുന്നു. 'ഈ തലസ്ഥാന നഗരത്തിൽ ജൈവമാലിന്യ സംസ്കരണത്തിന് അനധികൃത സംഘങ്ങൾ സജീവം' എന്നാണ് ഇന്നലത്തെ മാതൃഭൂമി പത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വാർത്ത. അങ്ങ് ഉൾപ്പെടെ അത് കണ്ടിട്ടുണ്ടാകും. മാലിന്യസംസ്കരണത്തിൽ നമുക്ക് ഏതെങ്കിലും വിധത്തിൽ വീഴ്ചപറ്റാത്ത നിലപാടുകളുമായി മുന്നോട്ടുപോകണം. കാരണം മാലിന്യ സംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ

ച്ചുമതലകളിൽപ്പെട്ടതാണ്. ഇങ്ങനെയൊരു ഘട്ടത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയിലുണ്ടായ കുറവിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുന്നത്. കേരളത്തിലെ ആറാം ധനകാര്യ കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ശിപാർശ, തനത് വിഹിതം 30 ശതമാനം ആകുംവരെ ഓരോ വർഷത്തിലും വാർഷിക പദ്ധതിയിൽ 0.5 ശതമാനം വർധനവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകണമെന്നാണ്. അത് ഇതുവരെ മാറ്റിയിട്ടില്ല. 2021-ൽ കോവിഡ് കാലത്തൊഴികെ പ്ലാൻ കട്ട് വന്നപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വിഹിതത്തിൽ മാറ്റമുണ്ടായിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ വിഹിതത്തിൽ 1533.55 കോടി രൂപ ആകെ കുറവ് വന്നിട്ടുണ്ടെന്നുമാത്രമല്ല, പട്ടികജാതി വിഭാഗങ്ങൾക്കുള്ള സബ് പ്ലാനിൽ 236.70 കോടി രൂപയുടെ കുറവും പട്ടിക വർഗവിഭാഗങ്ങൾക്കുള്ള സബ് പ്ലാനിൽ 35.45 കോടി രൂപയുടെ കുറവുമാണുള്ളത്. പട്ടികജാതി വിഭാഗങ്ങളുടെ സബ് പ്ലാനിലും പട്ടികവർഗ വിഭാഗങ്ങളുടെ സബ് പ്ലാനിലുമുൾപ്പെടെ വരുന്ന കുറവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വിധത്തിലുമുള്ള പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്ന പ്രശ്നം വളരെ ഗൗരവമായി നാം കാണേണ്ടതാണ്. പ്ലാൻ കട്ട് ഉണ്ടായപ്പോൾ പോലും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗത്തെ ബാധിക്കാത്ത തരത്തിൽ അത് കൊണ്ടുപോയി. കോവിഡ് കാലത്ത് ഒഴികെ ആ സ്ഥിതി നമ്മൾ തുടർന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ടോട്ടൽ പ്ലാനിലെ മൊത്തം വിസ്തീർണ്ണം 35000 ചതുരശ്ര അടിയിൽനിന്നും 30000 ചതുരശ്ര അടിയിലേക്ക് അതിന്റെ സൈസിൽ മാറ്റം വരുമ്പോൾ തദ്ദേശസ്വയംഭരണ വിഭാഗത്തിനെ അത് ബാധിക്കാത്ത വിധത്തിൽ കൊണ്ടുപോകേണ്ട ഗുരുതരപ്രധാന്യം അക്കാര്യത്തിലുണ്ടാകണം. കേന്ദ്രവിഹിതം കുറഞ്ഞതിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാത്രം ബാധിക്കാവുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുമ്പോൾ മറ്റ് വകുപ്പുകളെ പോലെ അത് കാണാൻ കഴിയുമോ? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച കേന്ദ്ര നടപടിക്കെതിരെ അത് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹിമാചൽ പ്രദേശ് ഉൾപ്പെടെയുള്ള

സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനെ സമീപിച്ചപ്പോഴും കേരള സർക്കാരിന്റെ നിലപാട് എന്തായിരുന്നെന്ന കാര്യം വളരെ ഗൗരവമായി നാം കാണേണ്ടതുണ്ട്. ഗൗരവമായ ഈ വിഷയമാണ് ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ ഉന്നയിക്കണമെന്ന് ഞാൻ പറഞ്ഞത്. സ്വഭാവികമായും സംസ്ഥാന സർക്കാരിനെ ബാധിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങൾ താഴെത്തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബാധിച്ചാൽ, നേരത്തെ ഇവിടെ പറഞ്ഞതുപോലെ, സ്പിൽ ഓവറിൽ ഒരു മാറ്റമുണ്ടായാൽ ഇത്തവണ വർധിപ്പിച്ച് നൽകാൻ എന്ത് തർക്കമാണുള്ളത്. ഏതെങ്കിലും തരത്തിൽ കഴിഞ്ഞ സർക്കാരിന്റെകാലത്ത് അത് കൊടുക്കാൻ കഴിയാത്ത മൂന്നാം ഗഡുവിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അത് കൊടുക്കാൻ പറ്റുന്ന സാഹചര്യമല്ലേ ഉള്ളത്? അതിന് കൂടുതലായി സ്പിൽ ഓവറിൽ വേറെ ബജറ്റ് വിഹിതം കാണേണ്ടതുണ്ടോ; ഇത്തവണ എടുത്ത് കൊടുത്ത് അതിന്റെ പ്രശ്നങ്ങൾ വീണ്ടും വന്നാൽ അധികമായി തുക അനുവദിക്കുകയോ അല്ലെങ്കിൽ ഇതേ നടപടി തന്നെ തുടർന്ന് കടന്നുപോകുകയോ ചെയ്യേണ്ടൊരു സാഹചര്യമാണ് ഉണ്ടാകേണ്ടത്. ഇത് വളരെ ഗൗരവമായി നമ്മളെല്ലാവരെയും ബാധിക്കുകയാണ്. നെഹ്റുവിയൻ പ്ലാനിങ് ബോർഡിനെ നീതി ആയോഗ് ആക്കിയപ്പോൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഗുണഫലങ്ങൾ ഉണ്ടാകരുതെന്ന് നിശ്ചയിച്ചതുപോലെ പ്ലാനിങ് ബോർഡിനെ തിങ്ക് ടാങ്ക് (Think tank) ആക്കി മാറ്റുന്നതോടെ ആ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഗുണഫലങ്ങൾ നഷ്ടപ്പെടാവുന്ന ഒരു പൊതുസാഹചര്യമുണ്ടെന്ന് നാം കാണുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടാതെ എല്ലാവരെയും ഗുരുതരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ സർക്കാർ അനുകൂലമായ മറുപടിയല്ല പറഞ്ഞത് എന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. പ്രവീൺ: സർ, നടപ്പുസാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിലെ വെട്ടിക്കുറവുമൂലം പ്രത്യേകിച്ച്, പാലിയേറ്റീവ് കെയറിൽ ഡയാലിസിസിന് വിധേയരാകുന്നവർക്കുള്ള സഹായം, കോക്ലിയാർ ഇംപ്ലാന്റേഷൻ, കുടുംബശ്രീ ജനകീയ

ഹോട്ടലുകളുടെ തുടർനടത്തിപ്പ് മുതലായവ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിലെ വെട്ടിക്കുറവും കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂന്നാം ഗഡുവിന് സമാനമായ തുക സ്പിൽ ഓവറായി അനുവദിക്കാത്തതും കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും നിഷേധിക്കപ്പെടുന്ന ഗുരുതരമായ സാഹചര്യമാണുള്ളത്. ഈ സാഹചര്യം ചർച്ച ചെയ്യാൻ അനുവദിക്കാത്ത ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭ വിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചുവരികയും ചെയ്തു.)

* * *